**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1629** **19-01-2021 - ൽ മറുപടിയ്ക്ക്**

**ശുചീകരണ തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗരസഭകളിൽ പത്തു വർഷത്തിലധികമായി ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര ശുചീകരണ തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ; | (എ) | 470 (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (ബി) | ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശുചീകരണ തൊഴിലാളികളെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ പോലെയുള്ള ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | ഈ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കേരള മുൻസിപ്പൽ ആക്ട് സെക്ഷൻ 224 (1) പ്രകാരം സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് തസ്തികകളിലെ നിയമനം ബന്ധപ്പെട്ട നഗരസഭാ കൗൺസിലുകളുടെ അധികാരപരിധിയിലാണ്. എന്നാൽ ടി നിയമനങ്ങൾ 22/04/1982 ലെ സ.ഉ (എം.എസ്) നം.14/82/എൽ.ബി.ആർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നടത്താനാകൂ. ആയത് അനുസരിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിതരായവർക്കു മാത്രമേ കണ്ടിജന്റ് ജീവനക്കാർക്കുള്ള ബദൽ ലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് നിയമിക്കപ്പെടുന്ന തിനും അതുവഴി സ്ഥിരം തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെടുത്തുന്നതിനും അർഹതയുള്ളൂ. |

സെക്ഷൻ ഓഫീസർ

## പത്തു വർഷത്തിലധികമായി ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശുചീകരണ തൊഴിലാളികളുടെ നഗരസഭ തിരിച്ചുള്ള കണക്ക്

1. ആലപ്പുഴ –5
2. ഒറ്റപ്പാലം –7
3. ഏറ്റുമാനൂർ –6
4. പുനലൂർ –3
5. വൈക്കം –6
6. കുന്നംകുളം –9
7. തിരുവനന്തപുരം –25
8. ഈരാറ്റുപേട്ട –6
9. കോട്ടയം –9
10. വർക്കല –1
11. ആറ്റിങ്ങൽ –9
12. നെടുമങ്ങാട് –7
13. കൊട്ടാരക്കര –7
14. പരവൂർ–4
15. പത്തനംതിട്ട–16
16. മൂവാറ്റുപുഴ–5
17. അങ്കമാലി–9
18. മുക്കം –1
19. തൃക്കാക്കര –2
20. ഏലൂർ –1
21. ആലുവ –1
22. തൃപ്പൂണിത്തുറ –22
23. കൊച്ചി –65
24. ചെർപ്പുളശ്ശേരി –2
25. ചിറ്റൂർ തത്തമംഗലം –6
26. കോഴിക്കോട് –4
27. ഗുരുവായൂർ –23
28. ചാലക്കുടി –1
29. തൃശ്ശൂർ– 156
30. മഞ്ചേരി –8
31. പരപ്പനങ്ങാടി –1
32. കൂത്തുപറമ്പ് –4
33. തിരൂരങ്ങാടി –1
34. കോട്ടക്കൽ –1
35. കോതമംഗലം –1
36. ഇരിട്ടി –1
37. പയ്യന്നൂർ –3
38. പയ്യോളി –1
39. തിരൂർ –20
40. തളിപ്പറമ്പ്– 6
41. പെരിന്തൽമണ്ണ –3
42. പിറവം–2

lek